**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 29-07-2024**

## പ്രധാനവാർത്തകൾ

RNU TVPM

1. **കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെന്റിൽ പുരോഗമിക്കുന്നു. ഡൽഹിയിലെ കോച്ചിങ് സെൻററിൽ വെള്ളം കയറി വിദ്യാർത്ഥികൾ മരിക്കാനിടയായ സംഭവം ഇരുസഭകളും ചർച്ച ചെയ്തു.**
2. **കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലുള്ള ഒരു കുട്ടിക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. രോഗം ഭേദമാക്കാൻ ജർമനിയിൽ നിന്ന് കൊണ്ട് വന്ന മരുന്ന് ആരോഗ്യ മന്ത്രിക്ക് കൈമാറി.**
3. **വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പു വരുത്താനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
4. **പാരീസ് ഒളിമ്പിക്സിൽ 10 മീറ്റർ എയർ റൈഫിൾസ് വിഭാഗത്തിൽ വെങ്കലമെഡലിനായുള്ള മത്സരത്തിലേക്ക് യോഗ്യത നേടി മനു - സരബ് സഖ്യം.**
5. **സംസ്ഥാനത്തെ 49 തദ്ദേശ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് നാളെ.**
6. **അടുത്ത അഞ്ച് ദിവസം സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്. വടക്കൻ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**

**************************************************************

## ലോക് സഭ - ബജറ്റ് ചർച്ച

നടപ്പു സാമ്പത്തിക വർഷത്തിലെ കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെന്റിന്റെ ഇരുസഭകളിലും പുരോഗമിക്കുന്നു. അതേസമയം, കർഷകർക്ക് താങ്ങുവില ഉറപ്പാക്കുക, ജാതി സെൻസസ് നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ലോക്സഭയിൽ ഉന്നയിച്ചു.

I.N.D.I സഖ്യം അധികാരത്തിൽ വന്നാൽ കർഷകർക്ക് മിനിമം താങ്ങുവില ഉറപ്പാക്കുന്നതിനുള്ള നിയമപരമായ ഗ്യാരണ്ടി നൽകുമെന്നും രാജ്യത്ത് ജാതി സെൻസസ് നടപ്പിലാക്കുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ അഗ്നിവീർ പദ്ധതിയെക്കുറിച്ച് രാഹുൽ ഗാന്ധി തെറ്റിദ്ധാരണകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും പദ്ധതിയെക്കുറിച്ച് സഭയിൽ ചർച്ചയ്ക്ക് തയ്യാറാണെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

RIJU TVPM

************************************************************

## ഡൽഹി കോച്ചിങ് സെന്റർ

ഡൽഹിയിൽ കോച്ചിങ് സെൻററിൽ വെള്ളം കയറി യു.പി.എസ്.സി ഉദ്യോഗാർത്ഥികൾ മരിക്കാനിടയായ സംഭവം ലോക്സഭയും രാജ്യസഭയും ചർച്ച ചെയ്തു. വിഷയത്തിൽ അന്വേഷണം നടത്തണമെന്ന് ബിജെപിയും കോൺഗ്രസും ലോക്സഭയിൽ ആവശ്യപ്പെട്ടു. ഡൽഹി സർക്കാരിൻറെ അനാസ്ഥയാണ് അപകടത്തിന് കാരണമെന്ന് ബിജെപി എംപി ബൻസുരി സ്വരാജ് ആരോപിച്ചു. ഇത്തരം സംഭവങ്ങളിൽ എത്ര നഷ്ടപരിഹാരം നൽകിയാലും അത് മതിയാകില്ലെന്ന് കോൺഗ്രസ് നേതാവ് ശശി തരൂർ അഭിപ്രായപ്പെട്ടു. രാജ്യസഭയിൽ ബിജെപി നേതാവ് സുധാൻഷു ത്രിവേദിയാണ് ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. ഓടകൾ വൃത്തിയാക്കുന്നതിൽ നഗരത്തിലെ

സർക്കാർ ഏജൻസികൾ എത്ര തുക ചെലവഴിച്ചെന്ന് ചോദിച്ച അദ്ദേഹം വിഷയത്തിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാൾ ഇതുവരെ പ്രതികരിച്ചിട്ടില്ലെന്നും പറഞ്ഞു.

**************************************************************

**<u>കോച്ചിങ്- ഉപരാഷ്ട്രപതി</u>**

ഡൽഹിയിൽ കോച്ചിങ് സെൻററിൽ വെള്ളം കയറി വിദ്യാർത്ഥികൾ മരിച്ച സംഭവം ആശങ്കാജനകമെന്ന് രാജ്യസഭാ അദ്ധ്യക്ഷനും ഉപരാഷ്ട്രപതിയുമായ ജഗ്ദീപ് ധൻകർ. നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് ഉത്കണ്ഠയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കോച്ചിങ് സെൻററുകളുടെ പ്രവർത്തനം കച്ചവടമായി മാറിയിരിക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**************************************************************

**<u>കോഴിക്കോട് - അമീബിക്</u>**

രോഗ ലക്ഷണങ്ങളോടെ കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലുള്ള കുട്ടിക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. കുട്ടിയുടെ ആരോഗ്യനില തൃപ്തികരമെന്ന് ആശുപത്രി അധികൃതർ പറഞ്ഞു. രോഗം സ്ഥിരീകരിച്ച് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലുള്ള കണ്ണൂർ സ്വദേശിയായ കുട്ടിയുടെ ആരോഗ്യനിലയിൽ മാറ്റമില്ല. തീവ്രപരിചരണ വിഭാഗത്തിൽ തുടരുന്ന കുട്ടി മരുന്നുകളോട് പ്രതികരിക്കുന്നുണ്ട്.

**************************************************************

RNU TVPM

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരം  ഭേദമാക്കാൻ ജർമനിയിൽ നിന്ന്  കൊണ്ട് വന്ന മരുന്ന് ആരോഗ്യ മന്ത്രി വീണാ ജോർജിന് കൈമാറി. 56 മരുന്നുകളുള്ള ഒരു ബോക്സാണ് എത്തിച്ചത്. മൂന്ന് ലക്ഷത്തി പത്തൊൻപതിനായിരം രൂപയാണ് വില.

*********************************************************

## മുഖ്യമന്ത്രി

വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പു വരുത്താനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, റിസോർട്ട്, ഹോംസ്റ്റേ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ഉന്നത ഉദ്യോഗസ്ഥരുമായി ചേർന്ന യോഗത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.   ഹോംസ്റ്റേകൾ പ്രോത്സാഹിപ്പിക്കണം. എന്നാൽ എല്ലാ ഹോംസ്റ്റേകൾക്കും തദ്ദേശസ്വയംഭരണസ്ഥാപന ലൈസൻസും ജിഎസ്ടി രജിസ്ട്രേഷനും ഉറപ്പാക്കണം. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ശുചിമുറികൾ വൃത്തിയായി സൂക്ഷിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ജില്ലാ കളക്ടർമാരുടെ യോഗത്തിൽ, 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ  നിർദ്ദേശം നൽകി.  ഒക്ടോബർ 2 മുതൽ മാർച്ച് 30 വരെയാണ് ക്യാമ്പയിൻ.

RNU TVPM

*********************************************************

## ഒളിമ്പിക്സ്

പാരീസ് ഒളിമ്പിക്സിൻറെ 10 മീറ്റർ എയർ റൈഫിൾസ് വിഭാഗത്തിൽ മനു ഭാക്കർ- സരബ് ജ്യോത് സഖ്യം വെങ്കലമെഡലിനുള്ള മത്സരത്തിലേക്ക് യോഗ്യത നേടി. അതേസമയം 10 മീറ്റർ എയർ റൈഫിൾസ് പുരുഷ വിഭാഗത്തിൽ ഇന്ത്യയുടെ അർജുൻ ബബൂതയ്ക്കും വനിതാ വിഭാഗത്തിൽ രമിത ജിൻഡലിനും മെഡൽ നേടാനായില്ല. . ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ ഗ്രൂപ്പ് സീ-യിൽ സാത്വിക് സായ് രാജ്- ചിരാഗ് സഖ്യം അടുത്ത റൗണ്ടിൽ പ്രവേശിച്ചു. ജർമ്മൻ സഖ്യത്തിൻറെ പിൻവാങ്ങലോടെയാണ് ഇന്ത്യൻ സഖ്യത്തിന്റെ മുന്നേറ്റം. നാളെ നടക്കുന്ന മത്സരത്തിൽ ഇന്തോനേഷ്യൻ സഖ്യമാണ് ഇന്ത്യൻ സഖ്യത്തിൻറെ എതിരാളി. ഹോക്കിയിൽ ഇന്ത്യ-അർജൻറ്റീന മത്സരം സമനിലയിൽ അവസാനിച്ചു.

********************************************************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 49 തദ്ദേശ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് നാളെ. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് മണി വരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ബുധനാഴ്ച. വയനാട് ഒഴികെയുള്ള 13 ജില്ലകളിലെ ഒരു ജില്ലാ പഞ്ചായത്ത്, നാല് ബ്ലോക്ക് പഞ്ചായത്ത്, ആറ് മുനിസിപ്പാലിറ്റി, 38 ഗ്രാമപഞ്ചായത്ത് വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. ആകെ 169 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. അതിൽ 76 പേർ സ്ത്രീകളാണ്. വോട്ടെടുപ്പിന് 211 പോളിംഗ് ബൂത്തുകൾ സജ്ജമാക്കിയിട്ടുണ്ട്.

********************************************************

RNU TVPM

**<u>മഴ</u>**

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരള, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കനത്ത മഴയെ തുടർന്ന് വയനാട്, മേപ്പാടി പഞ്ചായത്ത് പരിധിയിലെ സാഹസിക വിനോദ സഞ്ചാരം നിരോധിച്ചു. കണ്ണൂരിൽ കനത്ത മഴ തുടരുന്നു. മലയോരത്ത് ശക്തമായ മഴയാണ് പെയ്യുന്നത്. കേളകം ശാന്തിഗിരിയിൽ മലവെള്ളപ്പാച്ചിൽ ഉണ്ടായതിനെ തുടർന്ന് ഏഴ് കുടുംബങ്ങളെ ബന്ധുവീടുകളിലേക്ക് മാറ്റി പാർപ്പിച്ചു.

*****************************************************************

PNU TVPM

**<u>കോഴിക്കോട് - (ഇൻട്രോ)</u>**

കോഴിക്കോട് ജില്ലയിൽ മഴ തുടരുന്നു. ഇന്ന് രാവിലെ പെയ്ത ശക്തമായ മഴയിൽ നദികളിൽ ജലനിരപ്പ് ഉയർന്നു. മഴക്കെടുതിയിൽ പലയിടങ്ങളിലും വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി
കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...

(വോയിസ്.....)

*****************************************************************

## സ്റ്റോപ്പ് ഡയേറിയ ക്യാമ്പയിൻ

സംസ്ഥാനത്ത് സ്റ്റോപ്പ് ഡയേറിയ ക്യാമ്പയിൻ 2024 പ്രചാരണ പരിപാടിക്ക് തുടക്കമായി. എല്ലാവരും പ്രചാരണ പരിപാടിയുടെ ഭാഗമാകണമെന്ന് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്ത് കൊണ്ട് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. ജലജന്യ രോഗങ്ങൾ വർധിക്കുന്ന ഈ കാലയളവിൽ, വ്യക്തി ശുചിത്വവും പരിസര ശുചിത്വം, ജല ശുചിത്വം വളരെ പ്രധാനമാണെന്ന് മന്ത്രി പറഞ്ഞു. ഒ.ആർ.എസ്. ദിനാചരണത്തിൻറെ സംസ്ഥാന തല ഉദ്ഘാടനവും ആരോഗ്യമന്ത്രി ഓൺലൈനായി നിർവഹിച്ചു. ജൂലൈ 29 നാണ് ലോക ഒ.ആർ.എസ്. ദിനമായി ആചരിക്കുന്നത്.

************************************************************

## കണ്ണൂർ - (ഇൻട്രോ)

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ്റെ നേതൃത്വത്തിൽ സംയോജിത ബോധവൽക്കരണ പരിപാടിക്ക് കണ്ണൂർ കതിരൂരിൽ തുടക്കമായി കാർഗിൽ വിജയ് ദിവസിൻ്റെ രജത ജൂബിലിയോടനുബന്ധിച്ചുള്ള പ്രദർശനവും
ഇതിൻറെ ഭാഗമായി നടക്കുന്നുണ്ട്.
വിശദാംശങ്ങളുമായി ആകാശവാണി
കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..

(വോയിസ്.....)

************************************************************

## കേരള സർവകലാശാല

തർക്കങ്ങൾക്കും സംഘർഷങ്ങൾക്കുമൊടുവിൽ കേരള സർവ്വകലാശാല സിൻഡിക്കേറ്റ് തിരഞ്ഞെടുപ്പ് വോട്ടെണ്ണൽ

RNUTVPM

നടന്നു. ഹൈക്കോടതിയുടെ നിർദേശ പ്രകാരമാണ് വോട്ടെണ്ണൽ നടത്തിയത്. 9 സീറ്റിൽ 4 എണ്ണത്തിൻറെ വോട്ടെണ്ണലാണ് ഇന്ന് നടന്നത്. 3 സീറ്റിൽ എൽ ഡി എഫും 1 സീറ്റിൽ ബിജെപിയും ജയിച്ചു. ഇതാദ്യമായാണ് കേരള സർവ്വകലാശാല സിൻഡിക്കേറ്റ് തിരഞ്ഞെടുപ്പിൽ ബിജെപി ജയിക്കുന്നത്. അതേ സമയം സർക്കാർ കോളേജിൻറെ പ്രതിനിധിയായ ഡോക്ടർ റഹിമിൻറെ ജയത്തിനെതിരെ യു.ഡി.എഫ് പരാതി നൽകി. റഹിമിന് ജയിക്കാൻ ആവശ്യമായ വോട്ട് ലഭിച്ചില്ല എന്നാണ് യു ഡി എഫിൻറെ ആരോപണം. തർക്കം പരിഹരിച്ച ശേഷം വോട്ടെണ്ണൽ തുടരാനാണ് സർവകലാശാല അധികൃതരുടെ തീരുമാനം. സിൻഡിക്കേറ്റ് തിരഞ്ഞെടുപ്പിൻറെ ഫലപ്രഖ്യാപനം ഇന്ന് നടത്താൻ കഴിയില്ലെന്ന് സർവകലാശാല വൈസ് ചാൻസലർ നിലപാട് എടുത്തതിൽ പ്രതിഷേധിച്ച് ഇടത് പക്ഷ സംഘടനകൾ ഇന്ന് രാവിലെ സർവകലാശാല ആസ്ഥാനത്ത് പ്രതിഷേധം സംഘടിപ്പിച്ചിരുന്നു.

************************************************************

RNU TVPM

**വന്ദേഭാരത് സ്പെഷ്യൽ**

എറണാകുളത്തിനും ബംഗളൂരുവിനും ഇടയിൽ വന്ദേ ഭാരത് സ്പെഷ്യൽ ട്രെയിൻ മറ്റന്നാൾ എറണാകുളത്തുനിന്ന് സർവീസ് ആരംഭിക്കും. ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിൽ എറണാകുളത്തു നിന്ന് ബാംഗ്ലൂരു കൻറോൺമെൻറിലേക്കും വ്യാഴം, ശനി, തിങ്കൾ എന്നീ ദിവസങ്ങളിൽ അവിടെ നിന്ന് തിരിച്ചുമാണ് സർവീസ്. ട്രെയിനിന് മുൻകൂട്ടിയുള്ള റിസർവേഷൻ ആരംഭിച്ചതായും റെയിൽവേ അറിയിച്ചു.

*************

********************

************************************************************